## കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- കാഴ്ച വൈകല്യവും മറ്റ് വൈകല്യങ്ങളുമുള്ള വ്യക്തികൾക്ക് സഹായ സാങ്കേതിക വിദ്യകൾ നൽകുന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(എം.എസ്)നം.72/2014/സാ.നീതി.വ തിരുവനന്തപുരം, തീയതി 14.8.2014

---

പരാമർശം- 5.8.2014 ലെ ബഹു:സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം.

<u>ഉത്തരവ്</u>

കോളേജുകളിലെയും സർവ്വകലാശാലകളിലെയും കാഴ്ച വൈകല്യവും മറ്റ് വൈകല്യങ്ങളുമുള്ള വിദ്യാർത്ഥികളെ വിദ്യാഭ്യാസം, ഗവേഷണം, തൊഴിൽ എന്നീ മേഖലകളിൽ സഹായ സാങ്കേതിക വിദ്യയുടെ (Assistive Technology) സഹായത്തോടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചു.

ഉദ്ദേശം 1175 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മേൽപ്പറഞ്ഞ പദ്ധതി സമാരംഭിക്കുന്നതിനായി മിതവ്യയം പാലിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്ന വിഷയം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിൽ ചെയർമാൻ, സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, സാമൂഹ്യനീതി, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, അംഗവൈകല്യവുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിക്കുന്നതാണ്.

മേൽ സംരംഭത്തിന്റെ പ്രധാന പങ്കുവഹിക്കുന്നവരുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും വിവരിക്കുന്നതിനും തയ്യാറാക്കുന്നതിനുമായി ശാസ്ത്രസാങ്കേതികം, വിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകളുടെ കീഴിലുള്ള ഏജൻസികളിൽ/സ്ഥാപനങ്ങളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി ഒരു ദൌത്യ സംഘത്തെ രൂപീകരിക്കുന്നതാണ്.

Assistive Technology എന്ന പദ്ധതി അനുബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്ന വിധത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ ചെലവ് ശാസ്ത്രസാങ്കേതികം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ അവരവരുടെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന നിബന്ധനയോടെ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
ഡോ.കെ.എം.എബ്രഹാം<br>
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം<br>
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം<br>
ധനകാര്യ വകുപ്പ്<br>
പൊതുവിദ്യാഭ്യാസ വകുപ്പ്<br>
ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>
ശാസ്ത്രസാങ്കേതിക വകുപ്പ്<br>
പൊതുഭരണ(എസ്.സി)വകുപ്പ്<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം<br>
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം.<br>
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം<br>
[signature]<br>
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ. ജി4/39634/2014/കോ.വി.വ. തീയതി : 26.12.2014

സർക്കാർ ഉത്തരവ് ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കും തുടർ നടപടികളിലേയ്ക്കുമായി പ്രസിദ്ധീകരിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
പി.കെ.ഗിരിജാദേവി,
അഡീഷണൽ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

rpn.27.12.2014.